## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം. 2012 — 05.10.2016 -ൽ മറുപടിക്ക്

### ഒഡെപെക്

| ചോദ്യം | | ഉത്തരം |
|---|---|---|
| **ശ്രീ.കെ.രാജൻ** | | **ശ്രീ.ടി.പി.രാമകൃഷ്ണൻ (തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)** |
| എ) ഒഡെപെക്കിന്റെ (ഒ.ഡി.ഇ.പി.സി) പ്രവർത്തനം വിശദമാക്കാമോ; | എ) | അഭ്യസ്തവിദ്യരായ തൊഴിൽ അന്വേഷകർക്കും, വിദഗ്ദരും അവിദഗ്ദരും അർദ്ധവിദഗ്ദരുമായ തൊഴിലാളികൾക്കും വിദേശ രാജ്യങ്ങളിൽ അനുയോജ്യമായ തൊഴിൽ മേഖലകൾ കണ്ടെത്തുകയും അവരെ നിയമിക്കുന്നതിനുവേണ്ട സാഹചര്യവും സൗകര്യങ്ങളും ഒരുക്കുക എന്നതാണ് ഒഡെപെക്കിന്റെ പ്രഖ്യാപിത ലക്ഷ്യം. 12/03/2015 ൽ കേന്ദ്ര സർക്കാർ 18 ഇ.സി.ആർ. രാജ്യങ്ങളിലേക്കുള്ള വിദേശ ജോലിക്കായുള്ള നഴ്സുമാരുടെ നിയമനാധികാരം കേരള സർക്കാരിന്റെ കീഴിലുള്ള നോർക്ക റൂട്ട്സ്, ഒഡെപെക്ക്, തമിഴ് നാട് സർക്കാരിന്റെ ഒ.എം.സി. ലിമിറ്റഡ് എന്നീ സ്ഥാപനങ്ങൾക്ക് മാത്രമാക്കി ക്കൊണ്ട് ഉത്തര വിറക്കുകയുണ്ടായി. പട്ടികജാതി പട്ടികവർഗ്ഗ ഉദ്യോഗാർത്ഥികൾക്ക് വിദേശത്ത് തൊഴിൽ നേടുവാനും തൊഴിൽ ലഭിച്ചാൽ അത് വിജയകരമായി നിർവ്വഹിക്കുന്നതിന് അവരെ പ്രാപ്തരാക്കുന്നതിനുള്ള ഓവർസീസ് ഓറിയന്റേഷൻ പ്രോഗ്രാം, പിന്നോക്ക വിഭാഗ ഉദ്യോഗാർത്ഥി കൾക്ക് വിദേശ ജോലിക്കായുള്ള ഇന്റർവ്യൂവിൽ വിജയം നേടുന്നതിന് സഹായകമായ പ്രീ-ഇന്റർവ്യൂ ട്രയിനിംഗ് പ്രോഗ്രാം, വിദേശത്ത് നിയമനം ലഭിച്ച നഴ്സുമാർക്കുള്ള പ്രീഡിപ്പാർച്ചർ ട്രയിനിംഗ് പ്രോഗ്രാം എന്നിവയും ഡൊമസ്റ്റിക് റിക്രൂട്ട്മെന്റിന്റെ ഭാഗമായി വെസ്റ്റ് ബംഗാളിലെ ഐ.ക്യൂ. സിറ്റി നാരായണ ഹൃദയാലയ ഹോസ്പിറ്റൽ മാനേജ്മെന്റുമായി സഹകരിച്ച് ഡൊമസ്റ്റിക് റിക്രൂട്ട്മെന്റ് എന്നീ പ്രവർത്തനങ്ങളാണ് ഒഡെപെക്ക് നടത്തി വരുന്നത്. ഇതിനു പുറമെ അയാട്ട അംഗീകാരമുള്ള ഒരു ട്രാവൽ ഡിവിഷനും ഒഡെപെക്കിന്റെ കീഴിൽ പ്രവർത്തിക്കുന്നുണ്ട്. ഈ ഡിവിഷൻ വഴി രാജ്യത്തിനകത്തും പുറത്തുമുള്ള വിമാനയാത്രാ ടിക്കറ്റുകൾ ലഭ്യമാണ്. |

| | | |
|---|---|---|
| ബി) | ഒഡെപെക്കിൽ രജിസ്റ്റർ ചെയ്യുന്നതിനുള്ള ഉദ്യോഗാർത്ഥികളുടെ യോഗ്യതാ മാനദണ്ഡങ്ങൾ എന്തൊക്കെയാണ്; | ബി) ഒഡെപെക്കിൽ രജിസ്റ്റർ ചെയ്യുന്നതിന് പ്രത്യേക യോഗ്യതാ മാനദണ്ഡങ്ങൾ നിഷ്കർഷിച്ചിട്ടില്ല. ഒഡെപെക്കിൽ പേര് രജിസ്റ്റർ ചെയ്യുന്നതിന് ഓൺലൈൻ സംവിധാനം കൂടാതെ ഒ.ഡി.ഇ.പി.സി.യുടെ ഓഫീസിൽ 30 രൂപയും ഒ.ഡി.ഇ.പി.സി.യുടെ പേരിൽ 50 രൂപ ഡിമാന്റ് ഡ്രാഫ്റ്റ്/പോസ്റ്റൽ ഓർഡർ നൽകിയാൽ മറ്റ് ജില്ലകളിൽ പ്രവർത്തിക്കുന്ന ജില്ലാ ലേബർ ഓഫീസുകളിലും രജിസ്ട്രേഷൻ ഫോം ലഭിക്കും. രണ്ട് വർഷത്തിലൊരിക്കൽ രജിസ്ട്രേഷൻ പുതുക്കേണ്ടതുണ്ട്. |
| സി) | ഒഡെപെക് വഴി നിയമനം ലഭിക്കുന്നതിന് ഈടാക്കുന്ന സർവ്വീസ് ചാർജ്ജ് എത്രയാണ്; | സി) എമിഗ്രേഷൻ നിയമം അനുശാസിക്കുന്ന 20,000/- രൂപയാണ് പരമാവധി ഈടാക്കുന്ന സർവ്വീസ് ചാർജ്ജ്. തൊഴിൽ ദാതാവ് സർവ്വീസ് ചാർജ്ജ് ഒഡെപെക്കിന് നൽകുമെങ്കിൽ തികച്ചും സൗജന്യമായാണ് റിക്രൂട്ട്മെന്റ് നടത്തുന്നത്. |
| ഡി) | ഒഡെപെക് ഏതെല്ലാം രാജ്യങ്ങളുമായാണ് കരാറിൽ ഏർപ്പെട്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | ഡി) അയർലണ്ട്, യു.എ.ഇ., സൗദി അറേബ്യ എന്നീ രാജ്യങ്ങളിലെ തൊഴിൽ ദാതാക്കളുമായി ഒഡെപെക്ക് കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. |
| ഇ) | കഴിഞ്ഞ സാമ്പത്തിക വർഷം കേരളത്തിൽ നിന്ന് എത്ര ഉദ്യോഗാർത്ഥികൾക്ക് ഒഡെപെക് മുഖേന നിയമനം ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | ഇ) 2015-16 സാമ്പത്തിക വർഷം 342 പേർക്ക് ഒഡെപെക്ക് മുഖേന വിദേശത്ത് ജോലി ലഭ്യമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ